⇨ *ഉത്തരവാദപ്പെട്ടവരിൽ നിന്ന് അനുമതി വാങ്ങിയിട്ടുണ്ടെന്ന് പറഞ്ഞ് ലേലക്കാരൻ വിരട്ടി* ⇨

# തൃശൂരിലെ മരക്കുരുതി

മാർച്ച് രണ്ടിന് തൃശൂരിൽ നടന്ന അനധികൃത മരംമുറിയെത്തുടർന്ന് ഉയർന്നുവന്ന ജനകീയ പ്രക്ഷോഭം ഭൂമിയെ ഹരിതാഭമാക്കാൻ കഴിയുന്ന പുതുതലമുറയുടെയും നവസമരരൂപങ്ങളുടെയും വിജയഭേരിയായി മാറിയതെങ്ങനെയെന്ന്

**എസ്. നാരായണൻ**

**തൃശൂരിന്റെ** കണ്ണായ സ്ഥലത്ത്, രാമനിലയത്തിന്റെ മുന്നിൽ വർഷങ്ങളായി വഴിയാത്രക്കാർക്ക് തണൽ വിരിച്ചും, പരിസരമൊക്കെ പൂമണം പരത്തിയും വിരാജിച്ചിരുന്ന, ഇരുകവരങ്ങളുള്ള, നെഞ്ചുയരത്തിൽ മുന്നൂറ് സെന്റീമീറ്ററോളം വണ്ണമുള്ള, പടുകൂറ്റൻ ഏഴിലംപാല മരക്കച്ചവടക്കാരനും അയാളുടെ പണിക്കാരും ചേർന്ന് മാർച്ച് 2-ാം തീയതി പട്ടാപകൽ യന്ത്രവാൾ ഉപയോഗിച്ച് വെട്ടിയിട്ടു.

'ഇതെന്തിനീ ക്രൂരത' എന്ന് ചോദിക്കാൻ ചെന്നവരെയൊക്കെ ഉത്തരവാദപ്പെട്ടവരിൽ നിന്ന് അനുമതി വാങ്ങിയിട്ടുണ്ടെന്ന് പറഞ്ഞ് ലേലക്കാരൻ വിരട്ടിയകറ്റി. പ്രശസ്ത കലാനിരൂപകനായ വിജയകുമാർ മേനോൻ, രാമനിലയത്തിന് തൊട്ടുമുന്നിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് ഓഫീസിലെ മാനേജറും എഴുത്തുകാരിയുമായ ശ്രീലത, സ്വന്തം കീശയിൽ നിന്നും പണം ചെലവഴിച്ച് പൊതുസ്ഥലങ്ങളിൽ മരം നട്ട് പരിപാലിക്കുന്ന അതേ ഓഫീസിലെ ജീവനക്കാരനായ വേണുഗോപാൽ കുറ്റുമുക്ക്, നവചിത്ര ഫിലിം സൊസൈറ്റിയുടെയും വിബ്ജിയോറിന്റെയും സജീവ പ്രവർത്തകനായ പ്രസന്നൻ തുടങ്ങി മരം മുറിക്കുന്നതിനെ ചോദ്യം ചെയ്ത എല്ലാവരേയും പി.ഡബ്ല്യു.ഡി അനുമതി പത്രം കാണിച്ച് ലേലക്കാരനും കിങ്കരന്മാരും അകറ്റി നിർത്തി. അന്നുതന്നെ കാഡ ഓഫീസിന് മുന്നിൽ നിന്നിരുന്ന ഒരു ഉങ്ങും ഒരു ബദാമും വെട്ടിയിട്ടു.

പിറ്റേന്ന്, ഞായറാഴ്ച റീജിയണൽ തീയേറ്ററിന് സമീപം വഴിയരികിൽ നിന്നിരുന്ന ഒരു പൂവാകയും ഒരു പൂമരവും മുറിക്കാനായി അവർ എത്തി. പൂവാകയുടെ രണ്ട് കൊമ്പ് മുറിച്ചപ്പോഴേക്കും ഓടിക്കൂടിയ അമ്പതോളം പേർ ചേർന്ന് മരങ്ങൾ മുറിക്കാൻ അനുവദിക്കില്ലെന്നും പറഞ്ഞ് അവിടെ കുത്തിയിരുന്നു. അതോടെ കടുത്ത രോഷപ്രകടനത്തോടെയും വെല്ലുവിളിയോടെയും മരക്കച്ചവടക്കാരൻ പിൻവാങ്ങി. അയാൾ ഉടനെ പി.ഡബ്ല്യു.ഡി എഞ്ചിനീയറുമായി ഫോണിൽ ബന്ധപ്പെട്ടു. "നാളെ നമുക്ക് പോലീസ് പ്രൊട്ടക്ഷനിൽ മുറിക്കാം" എന്നായിരുന്നു എഞ്ചിനീയറേമാന്റെ മറുപടി. പതിനൊന്ന് മണിക്ക് മരംമുറി നിർത്തിവച്ചെങ്കിലും കച്ചവടക്കാരനും പണിക്കാരും സ്ഥലത്ത് തന്നെ നിന്നതുകൊണ്ട് ഇനിയും മുറി തുടരുമോ എന്ന ആശങ്കയിൽ നാട്ടുകാർ, അഞ്ചുമണി കഴിഞ്ഞിട്ടേ അവിടെനിന്നും പിരിഞ്ഞുപോകാൻ തയ്യാറായുള്ളൂ. ബഹളം നടക്കുന്നതറിഞ്ഞ് ഓടിയെത്തിയ കൗൺസിലർക്ക് പരിഭ്രാന്തിയായി. "നിങ്ങൾ



മരംമുറിക്കെതിരെ തൃശൂരിൽ നടന്ന പ്രതിഷേധ പ്രകടനം

ഇങ്ങിനെ വഴിയരികിലെ മരങ്ങൾ മുറിക്കുന്നത് തടസ്സപ്പെടുത്തിയാൽ ഞങ്ങൾക്ക് നാടുമുഴുവൻ കാന കോരേണ്ടേ?" കൗൺസിലർക്ക് കാന നിർമ്മാണം തടസ്സപ്പെടുന്നതിലായിരുന്നു വേവലാതി. ചേർപ്പ് പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് എണ്ണം പറഞ്ഞ അഞ്ച് പ്ലാവ്, പനമ്പിള്ളി കോളേജ് റോഡിലുള്ള 22 മരങ്ങൾ തുടങ്ങി തൃശൂരിനകത്തും പുറത്തുമായി ആയിരക്കണക്കിന് മരങ്ങൾ മുറിക്കാനുള്ള ലിസ്റ്റ് തയ്യാറായിക്കഴിഞ്ഞെന്നും നിങ്ങൾക്ക് കഴിവുണ്ടെങ്കിൽ അവിടെയൊക്കെ വന്ന് തടയണമെന്നും ആക്രോശിച്ചാണ് ലേലക്കാരൻ സ്ഥലം വിട്ടത്.

കാഴ്ച ബംഗ്ലാവിന് പുറത്തും രാമനിലയത്തിന്റെ പരിസരത്തുമായി പതിമൂന്നോളം മരങ്ങൾ മുറിക്കാനായിരുന്നു പദ്ധതി തയ്യാറാക്കിയിരുന്നത്. മരംമുറി തടഞ്ഞത് മാധ്യമങ്ങളിൽ വൻ വാർത്തയായതോടെ സോഷ്യൽ ഫോറസ്റ്ററി അസിസ്റ്റന്റ് കൺസർവേറ്റർ, തൃശൂർ ജില്ലയിൽ വഴിയോരത്ത് നിൽക്കുന്ന മരങ്ങൾ മുറിക്കുന്നത് താത്കാലിമായി നിർത്തിക്കൊണ്ട് ഉത്തരവിറക്കി.

'മരം ഒരു വരം' എന്ന് ലോകം മുഴുവൻ ഉയരുന്ന മുദ്രാവാക്യം ഏറ്റവും ശക്തമായി മുഴങ്ങുന്നത് തൃശൂർ കോർപ്പറേഷന്റെ കീഴിലാണ്. അത് പക്ഷെ മരം കരാറുകാരന്റെയും ലേലക്കാരന്റെയും ചുണ്ടുകളിലാണെന്ന് മാത്രം. മരത്തിന്റെ വില എത്രവലുതാണെന്ന് അവരും പി.ഡബ്ല്യു.ഡിക്കാരും കോർപ്പറേഷനിൽ പങ്കുപറ്റുന്നവരുമല്ലാതെ യഥാർത്ഥത്തിൽ ആരറിഞ്ഞിട്ടുണ്ട്? മരംമുറി തടഞ്ഞവരെല്ലാം ചേർന്ന്, ഇനിയുള്ള മരങ്ങൾ സംരക്ഷിക്കാൻ വേണ്ടി കളക്ടർക്കും ആർ.ഡി.ഒയ്ക്കും പോലീസിനും നിവേദനം കൊടുക്കാൻ തീരുമാനിച്ചു. സാഹിത്യ അക്കാദമിയിൽ പുസ്തകോത്സവം നടക്കുന്ന സമയമായിരുന്നു. എഴുത്തുകാരുടെയും കലാകാരന്മാരുടെയും വായനക്കാരുടെയും പരിസരവാസികളുടെയും ഒപ്പുകൾ ശേഖരിച്ചു. പുസ്തകോത്സവത്തിന് എത്തിയിരുന്ന പ്രശസ്തനായ കഥാകൃത്ത് അശോകൻ ചരുവിൽ മാത്രം ഒപ്പിടാൻ തയ്യാറായില്ല. നിവേദനത്തിൽ ഒപ്പിടാൻ നീട്ടിയിട്ട് 'പറ്റില്ല' എന്നുപറഞ്ഞ ഒരേ ഒരാൾ അദ്ദേഹമായിരുന്നു. ഒരു പാവം ഏഴിലം പാലയുടെ തണലിനേക്കാൾ അദ്ദേഹത്തിന് പ്രധാനം, പ്രത്യേക സ്ഥലത്ത് വളരുന്ന ആലിന്റെ തണലായിരിക്കാം. 'സെറ്റപ്പ് മാറി, ഗെറ്റപ്പ് മാറി, അപ്പാവിട്ട പേരെ മാറി' എന്ന് തമിഴൻ പറഞ്ഞതുപോലെയാണ് ചിലരുടെ കാര്യങ്ങൾ. അദ്ദേഹത്തിന്റെ ഒപ്പ് ഇല്ലാതിരുന്നിട്ടും നിവേദനം കിട്ടിയയുടൻ ആർ.ഡി.ഒ മരംമുറി നിർത്തിവച്ചുകൊണ്ടുള്ള നിർദ്ദേശം കോർപ്പറേഷൻ സെക്രട്ടറിക്ക് കൊടുത്തു.

മരംമുറി വിവാദമായതിനെ തുടർന്ന് സോഷ്യൽ ഫോറസ്റ്ററി ഓഫീസ്, മുറിക്കാൻ അനുവാദം കൊടുത്ത മരങ്ങളുടെ ലിസ്റ്റ് ഒന്നുകൂടി പരിശോധിച്ചു. അപ്പോഴാണ് രാമനിലയത്തിന്റെ മുന്നിൽ നിന്നിരുന്ന ഏഴിലംപാല മുറിക്കാൻ അനുവാദം കൊടുത്തിട്ടില്ലെന്ന് കണ്ടെത്തുന്നത്. 69 സെന്റീമീറ്റർ വണ്ണമുള്ള ഒരെണ്ണം മുറിക്കാനാണ് അനുമതി കൊടുത്തിട്ടുള്ളത്. അതിന്റെ മറവിലാണ് 300 സെന്റീമീറ്ററിലധികം വണ്ണമുള്ള, ഫോറസ്റ്റുകാരുടെ ഭാഷയിൽ പറഞ്ഞാൽ, 'അനേകം വർഷങ്ങളായി തണലും പ്രാണവായുവും നൽകിവരുന്ന, പാരിസ്ഥിതിക ധർമ്മം നിർവ്വഹിച്ചുപോരുന്ന' ഏഴിലംപാല മുറിച്ചിട്ടത്. അതിനോടൊപ്പം മുറിച്ച ഉങ്ങിനും അനുമതിയില്ലായിരുന്നു.

32,000 രൂപയ്ക്കാണ് രാമനിലയത്തിന് ചുറ്റിലുമുള്ള വടവൃക്ഷങ്ങൾ ലേലത്തിന് കൊടുത്തത്. വെറും 2500 രൂപയാണ് നിലംപരിശായ പാല മരത്തിന്റെ വിലയെന്ന് പത്രങ്ങൾ ഹരിച്ചും ഗുണിച്ചും വിലപിച്ചു. പക്ഷെ, വിവരാവകാശ നിയമപ്രകാരം സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും എടുത്ത

ഫയൽ (എസ്.എഫ് 2-1551/2012) പത്രക്കാർ കണ്ടിരുന്നെങ്കിൽ ഏങ്ങലടിച്ചുകരയുമായിരുന്നു. ആ പാല മരത്തിന് ബിലോ ക്ലാസിഫിക്കേഷൻ ലിസ്റ്റിൽ പെടുത്തി വില വെറും പൂജ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നുവച്ചാൽ ആ വടവൃക്ഷം വെട്ടിയ വകയിൽ സർക്കാറിന് നയാപൈസ വരുമാനമില്ല. അതിന്റെ പണം മുഴുവൻ ലേലക്കാരന്റെ പോക്കറ്റിൽ! (പാവം ലേലക്കാരൻ പൊറുക്കുമാറാകട്ടെ, വിഹിതം ആർക്കെല്ലാം പോയെന്ന് അദ്ദേഹത്തിന് മാത്രമെ അറിയൂ).

ഈ പകൽകൊള്ള കയ്യോടെ പിടിക്കപ്പെടതിനെ തുടർന്ന് സോഷ്യൽ ഫോറസ്ട്രി ഡി.എഫ്.ഒ കളക്ടർക്ക് ഒരു റിപ്പോർട്ട് അയച്ചിട്ടുണ്ട്. (എസ്.എഫ് 2-1551/2012). അതിൽ ഇങ്ങനെ പറയുന്നു: "......മുറിക്കാൻ അനുമതി നൽകിയിരുന്ന പട്ടികയിൽ ഇല്ലാതിരുന്ന ഒരു പാലമരം (200 സെന്റീമീറ്ററിൽ കൂടുതൽ നെഞ്ച് ഉയരത്തിൽ വണ്ണമുള്ളതും ഇരു കവരമുള്ളതും), ഒരു ഉങ്ങ് മരം എന്നിവയും മുറിച്ചുമാറ്റിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് നിയമവിരുദ്ധമായ നടപടിയും കസ്റ്റോഡിയൻ ഉദ്യോഗസ്ഥന്റെ പക്കൽ വന്ന വീഴ്ചയുമാണ്. ആകയാൽ ടി ഉദ്യോഗസ്ഥനെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ലേലക്കാരനെതിരെ കബളിപ്പിക്കൽ, മോഷണം എന്നീ കുറ്റങ്ങൾ ചുമത്തി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകി ടിയാനെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്."

സ്കൂളുകളിൽ നടക്കുന്ന പരിസ്ഥിതി ബോധവത്കരണ പരിപാടികൾ വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധം വളർത്തുന്നുണ്ട്. വെട്ടിയിട്ട മരങ്ങൾക്കരികിലേക്ക് ആറോളം സ്കൂളുകളിൽ നിന്ന് പല ദിവസങ്ങളിലായി കുട്ടികൾ ജാഥയായി ആദരാഞ്ജലികൾ അർപ്പിക്കാനെത്തി. മരക്കുരുതി നടന്ന സ്ഥലത്ത്, മുദ്രാവാക്യം വിളിച്ചും ചിത്രം വരച്ചും പ്രകടനം നടത്തിയും പ്രതിഷേധിച്ച കുട്ടികളോട് പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനായ ഡോ. എസ്. ശങ്കർ പറഞ്ഞു: "ഒരു നഗരത്തിൽ ചുരുങ്ങിയത് മുപ്പത് ശതമാനം സ്ഥലത്തെങ്കിലും മരങ്ങൾ വേണം. അല്ലെങ്കിൽ നഗരത്തിന്റെ ശ്വാസകോശത്തിന് കേട് സംഭവിക്കും. നിങ്ങൾ കുട്ടികൾ വേണം വൃക്ഷങ്ങൾക്ക് കാവൽ നിൽക്കേണ്ടത്."

ഇതിനിടയിൽ, ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്നിരുന്ന നാല്പതോളം വൃക്ഷങ്ങൾ ഒരാൾ പോലുമറിയാതെ മുറിച്ചു കഴിഞ്ഞിരുന്നു. നഗരമധ്യത്തിൽ പച്ചപ്പു കൊണ്ട് അനുഗ്രഹിക്കപ്പെട്ട സ്ഥലമായിരുന്നു അത്. ആയുർവേദ സ്പോർട്സ് ആശുപത്രി കെട്ടിടം പണിയാൻ വേണ്ടിയാണത്രെ ആ ഔഷധവനം നിരപ്പാക്കിയത്. കുറച്ച്ദൂരെ കുട്ടനെല്ലൂരിലുള്ള ഔഷധി വളപ്പിൽ ധാരാളം വെളിമ്പറമ്പ് കിടക്കുമ്പോഴാണ് ഈ അരുംകൊല മരങ്ങളോട് ചെയ്തത്. മൃഗശാലയ്ക്കുള്ളിലെ മരങ്ങളും ഭീഷണിയിലാണ്. ശിംശിപാ വൃക്ഷം പോലുള്ള വിലമതിക്കാനാകാത്ത നിധികുംഭങ്ങളാണ് അവിടെ നിൽക്കുന്നത്. ശിംശിപാവൃക്ഷം കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് മാത്രമെയുള്ളത്രേ. ഇതും ലേലക്കാരൻ ആൻഡ്രൂസിന് പൂജ്യം വിലയ്ക്ക് കൈമാറാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കാണും. മൃഗശാല പുത്തൂരിലേക്ക് മാറ്റാനുള്ള ആലോചനയോടൊപ്പം ഇത്തരം രഹസ്യകണക്കെടുപ്പുകൾ നടന്നുകഴിഞ്ഞിട്ടുണ്ടാകും.

മരം മുറിച്ചതിനെതിരെ പ്രതിഷേധിച്ചവർ കോർപ്പറേഷൻ ഓഫീസ്, കളക്ട്രേറ്റ്, വനംവകുപ്പ് ഓഫീസ്, പി.ഡബ്ല്യു.ഡി ഓഫീസ്, പോലീസ് സ്റ്റേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിരവധി തവണ കയറിയിറങ്ങുകയുണ്ടായി. പോലീസുകാരിൽ നിന്നൊഴികെ, മറ്റെല്ലായിടത്ത് നിന്നും അവഹേളനവും പുച്ഛവും ഭീഷണിയുമാണ് അവർക്കുണ്ടായത്. പോലീസ് വളരെ സൗഹാർദ്ദത്തോടെയും സൗമനസ്യത്തോടെയും ഇടപെട്ടതായി അവർ പറയുന്നു. മരങ്ങൾ നിലനിർത്തുന്നത് തങ്ങളുടെ കാര്യം പോലെയാണ് പോലീസ് കണ്ടത്. ഒരു മരം നൽകുന്ന ആശ്വാസം ഏറ്റവും കൂടുതൽ അറിയുന്ന വിഭാഗം, ട്രാഫിക് ഐലന്റിലെ ലോഹക്കുടയുടെ തണൽ മാത്രം വിധിക്കപ്പെട്ട പോലീസുകാരായിരിക്കണം. തിളയ്ക്കുന്ന വെയിലിൽ, ഉരുകുന്ന റോഡിൽ മണിക്കൂറുകളോളം, ഭരിക്കുന്ന പുംഗവന്മാരെ കാത്ത് ഒരേനിൽപ്പ് നിൽക്കേണ്ടിവരുന്നത് അവർക്കാണല്ലോ. ഒരു വൃക്ഷത്തണൽ നൽകുന്ന കുളിർമ അവരായിരിക്കും ഏറെ അനുഭവിച്ചിരിക്കുക. രാമനിലയത്തിന് മുന്നിൽ വിശേഷിച്ചും.

ഭരണക്കാർ തിന്നും കുടിച്ചും പാർക്കുന്ന രാമനിലയത്തിന് മുന്നിലെ പകരം വെയ്ക്കാനില്ലാത്ത തണൽമരം കട്ടെടുത്ത ലേലക്കാരൻ ഇപ്പോൾ ഏതുവഴിയിലെ തണലായിരിക്കും യന്ത്രവാൾകൊണ്ട് അറുത്തിടുന്നത്? അതിന് കൂട്ടുനിന്ന് പങ്കുപറ്റിയ ഉദ്യോഗസ്ഥനും ജനപ്രതിനിധിയും ഏത് പതുപതുത്ത

## നിവേദനം നൽകി

തൃശൂരിലെ പുതിയ മൃഗശാലയുടെ ഉദ്ഘാടനചടങ്ങിനെത്തിയ മുഖ്യമന്ത്രിയെയും വനം വകുപ്പു മന്ത്രിയെയും പ്രകൃതിസംരക്ഷണ സമിതി പ്രവർത്തകർ നേരിൽ കാണുകയും പഴയ മൃഗശാലയുടെ പരിസരത്തുള്ള എല്ലാ മരങ്ങളും സംരക്ഷിക്കാനും ഒരു കൾച്ചറൽ ഹെറിട്ടേജ് കോംപ്ലക്സ് ആയി ആ സ്ഥലത്തെ നിലനിർത്താനും ആവശ്യപ്പെടുന്ന ആയിരത്തോളം പേർ ഒപ്പിട്ട നിവേദനം സമർപ്പിക്കുകയും ചെയ്തു. അനുകൂലമായാണ് അവർ പ്രതികരിച്ചത്.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 11 | പൂമരം | 210 | 175 | 0 | 2.888 | 0 | 1180 | 0 | 3438 | 3438 |
| 12 | പൂമരം | 210 | 315 | 0 | 2.888 | 0 | 1180 | 0 | 3408 | 3408 |
| 13 | പൂമരം | 150 | 200 | 0 | 1.413 | 0 | 1180 | 0 | 1667 | 1667 |
| 14 | പൂമരം | 150 | 200 | 0 | 1.413 | 0 | 1180 | 0 | 1667 | 1667 |
| 15 | പാല | 69 | 300 | Below Classificaion | | | | 0 | 0 | 0 |
| 16 | ബദാം | 80 | 300 | 0 | 0.310 | 0 | 1180 | 0 | 365 | 365 |
| 17 | ബദാം | 70 | 300 | Below Classificaion | | | | 0 | 0 | 0 |
| 18 | ബദാം | 77 | 360 | 0 | 0.310 | 0 | 1180 | 0 | 365 | 365 |
| 19 | ബദാം | 60 | 200 | Below Classificaion | | | | 0 | 0 | 0 |
| 20 | ബദാം | 100 | 200 | 0 | 0.5165 | 0 | 1180 | 0 | 609 | 609 |
| 21 | കണിക്കൊന്ന | 60 | 150 | Below Classificaion | | | | 0 | 0 | 0 |
| 22 | ആര്യവേപ്പ് | 50 | 100 | | | | | 0 | 0 | 0 |
| | | | | | | | | 62509 | 32279 | 94788 |

Sl. no 15, പാലമരം, 17 - ബദാമരം, 19 - ബദാമരം, 21, 22 - കണിക്കൊന്ന ആര്യവേപ്പ് എന്നീ മരങ്ങൾ Below classification ആണ്. Sl. no 7, 8, 9, 10, 11, 12, 13, 14 എന്നീ പൂമരങ്ങൾ തടിക്ക് വില ലഭിക്കുന്നതല്ല. വിറകിന്റെ വില

Sd/
Forest Range Officer,
Social Forestry Range,
Thrissur.

Asst. Conservator of Forests,
Social Forestry Division,

മുറിച്ചുമാറ്റിയ പാല മരത്തിന് ബിലോ ക്ലാസിഫിക്കേഷൻ ലിസ്റ്റിൽ പെടുത്തി പൂജ്യം വിലയാണ് ഇട്ടിരിക്കുന്നത് എന്നുകാണിക്കുന്ന വിവരാവകാശ രേഖ. ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസിൽ നിന്നും ലഭിച്ചത്.

ഇരിപ്പിടത്തിൽ ഇരുന്നുകൊണ്ടാകും അടുത്ത പദ്ധതിക്ക് കോപ്പുകൂട്ടുന്നുണ്ടാകുക?

ഏതെങ്കിലും രാഷ്ട്രീയപാർട്ടിയോ ജനപ്രതിനിധിയോ ഈ വിഷയത്തോട് പ്രതികരിച്ചതായി കണ്ടില്ല. കരിങ്കൽ പാറകൾ ഇടിച്ചും പുഴകളിൽ നിന്ന് മണലൂറ്റിയും കോൺക്രീറ്റ് തണൽ ഉണ്ടാക്കുന്നതാണ് അവർക്ക് പഥ്യം. അതിനാണെങ്കിൽ കോടിക്കണക്കിന് രൂപയുടെ ഫണ്ട് തലയ്ക്ക് മുകളിൽ വന്നുനിൽപ്പുണ്ട്.

26 കൊല്ല് മുമ്പ് താൻ നട്ടുവളർത്തിയ മരത്തിന്റെ തണലിലിരുന്ന്, പാനീയങ്ങൾ വിറ്റ് ജീവിക്കുന്ന ഒരാളെ തൃശൂർ മൃഗശാലയ്ക്ക് മുന്നിൽ കണ്ടു. ആ മരം മുറിക്കാൻ ആയുധങ്ങളുമായി വന്നവരുടെ മുന്നിൽവച്ച്, അയാൾ ആ മരത്തിന്റെ ചില്ലയിൽ കയറിയിരുന്ന് ഒരു കയറെടുത്ത് ഒരറ്റം മരത്തിൽ കെട്ടിയതിന് ശേഷം മറ്റേ അറ്റത്ത് ഒരു കുരുക്കുണ്ടാക്കി. കരുക്ക് കഴുത്തിലിട്ട്, “ഞാൻ മരിച്ചതിന് ശേഷം മതി മരം മുറിക്കൽ” എന്ന് പറഞ്ഞതുകൊണ്ട് ഇപ്പോഴും ആ മരം അവിടെ നിൽക്കുന്നു.

രാമനിലയത്തിന് മുന്നിലെ മരം സർക്കാർ അറിയാതെ മുറിച്ചുമാറ്റിയതിനെതിരെ പ്രതിഷേധങ്ങളും പ്രകടനങ്ങളും നിരന്തരം നടന്നിട്ടും, മോഷ്ടാക്കൾക്കെതിരെ ഒരു പെറ്റി കേസ് പോലും നീതിനടത്തിപ്പിന്റെ ഭാഗമായി ഉണ്ടായിട്ടില്ല.

മരം മുറിച്ചതിൽ മനംനൊന്ത്, യുവ സംഗീതജ്ഞർ കോർപ്പറേഷന് മുന്നിൽ നടത്തിയ ‘മ്യൂസിക്ക് ഫോർ ട്രീ ആന്റ് എർത്ത്’ എന്ന പരിപാടി തൃശൂരിന് പുതിയ ഒരനുഭവമായി. സംഗീത സംവിധായകനും നടനുമായ മാർട്ടിൻ ജോൺ, പിന്നണി ഗായിക ഗായത്രി, ചിലിയൻ സംഗീതജ്ഞനായ ക്ലൗദിയോ ക്ലവീഹ, ബിജേഷ്, അഭിജിത്ത്, രജിത്ത്, സുനിൽകുമാർ തുടങ്ങിയവരാണ് സ്വമേധയാ തയ്യാറായി എത്തിയത്. തെരുവിലൂടെ പോയിരുന്ന നൂറ് കണക്കിനാളുകളെ കൂടെക്കൂട്ടിയ ആ പരിപാടി ശരിക്കും സംഗീതാത്മകമായ ഒരു യുദ്ധം തന്നെയായിരുന്നു. ഒരു ഘട്ടം കഴിഞ്ഞപ്പോൾ കലാകാരന്മാരും കാണികളും ഒരു പടയണിയായി മാറി. ബഹുജനരോഷത്തിന്റെ അഗ്നിയിൽ സംഗീതത്തിന്റെ എണ്ണയൊഴിച്ച് പ്രതിഷേധത്തിന്റെ ജ്വലിക്കുന്ന ആവിഷ്കാരമാക്കി മാറ്റി അവർ. ഇനി വരാനിരിക്കുന്ന പ്രതിഷേധങ്ങൾ നിഷേധാത്മകമായിരിക്കില്ലെന്നും അത് കൂടുതൽ കൂടുതൽ സർഗ്ഗാത്മകമായിരിക്കുമെന്നും ആ സംഗീതസംഗമം തെളിയിച്ചു. മാത്രവുമല്ല, അത് കൂടുതൽ മാരകമായിരിക്കുമെന്നും.

വളർന്നുവരുന്ന കുട്ടികളും പുതിയ തലമുറയിലെ കലാകാരന്മാരും നമ്മുടെ കഥാകൃത്തിനെ പോലെയുള്ളവരെയല്ല പിൻപറ്റുന്നത് എന്നത്, പുതിയ ചില നാമ്പുകൾ കിളിർക്കുന്നതിന്റെ സൂചനയാണ്. ഭൂമിയെ ഹരിതാഭമാക്കാൻ അതിന് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. ■